THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
REGISTERED OFFICE: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301, 2578302, 2578303, 2578304, 2578164 (GMO) Fax: 0481.2578448 Web: www.pcklimited.in E-mail: pckltd@bsnl.in , pckoperations@gmail.com

GSTIN No: 32AAACT7596H2Z2

PRO/F103/RJM/4241 22.12.2025

## ടെണ്ടർ നോട്ടീസ്

### കശുമാവ് ഇമ്മച്ച്വർ ഏരിയ കാടുകൊത്ത്- ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ മുഖേന

പ്ലാന്റേഷൻ കോർപ്പറേഷന്റെ രാജപുരം എസ്റ്റേറ്റിലെ താഴെപ്പറയുന്നതായ ഡിവിഷനിലെ കശുമാവ് ഇമ്മെച്ച്വർ ബ്ലോക്കിലെ കാടുവെട്ടി പുതയിടുന്നതിനുള്ള ഇ-ദർഘാസ്സ്-ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

### ഇമ്മെച്ച്വർ കശുമാവ് ഏരിയ

| ഡിവിഷൻ | ബ്ലോക്ക് | ഏരിയ (ഹെക്ടർ) | **കാടുകൊത്ത് ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ്** |
|---|---|---|---|
| **പാണത്തൂർ** | കമ്മാടി IB | 72.16 | 45 ദിവസം |

**വ്യവസ്ഥകൾ**

1. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ ,ടെണ്ടർ മുഖാന്തിരവും- അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
2. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118 രൂപയും, നിരതദ്രവ്യം ഓരോ ബ്ലോക്കിനും5 ,000/-(അയ്യായിരം .രൂപയുമാണ് (
3. ഇ ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ-https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുകഉണ്ടാകുന്ന പക്ഷം ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ . .താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്
   പി-.കെ.സി.Ph .7593938769, 0481-2578301-04, 9048614891. E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

4. ഇപോർട്ടലിൽ നിന്നും -ടെണ്ടർ വ്യവസ്ഥകൾ ഇ-ഇ ,ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ- വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നത ,ഡൌൺലോഡ് ചെയ്യേണ്ടതുംായി രേഖപ്പെടുത്തിയ സമ്മതപത്രവുംപ്ലാന്റേഷൻ ,മാനേജിംഗ് ഡയറക്ടർ ,എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും , കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ ,കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ(A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും , ക്രേതാവിന്റെ തിരിച്ചറിൽ രേഖ ടെണ്ടർ ,പാൻകാർഡ് എന്നിവയുടെ കോപ്പിയും ,ഫീസ്സ് )Rs.118/-) അടച്ച് ഇ .പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്- D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടിഡിമാൻഡ് .ടെണ്ടർ നിരാകരിക്കുന്നതാണ്- ഡ്രാഫ്റ്റിന്റെ ഒറിജിനൽടെൻഡർ , വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെ ഒറിജിനൽ, പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം തീയതി-01.01.2026 10.00 A.M. മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "രാജപുരം എസ്റ്റേറ്റിലെ **കശുമാവ് ഇമ്മച്ചൂർ ഏരിയ കാടുകൊത്ത്** ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും ,എസ്റ്റേറ്റ് ,ദർഘാസ്സ് നമ്പർ ,ബ്ലോക്ക്മേൽ വിലാസം ,പേര് ,തുറക്കുന്ന തീയതി , എന്നിവ രേഖപ്പെടുത്തി ലഭിച്ചിരിക്കേണ്ടതാണ്.

5. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118രൂപ ഫീസടച്ച്- (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിനു മുൻപായി വാങ്ങേണ്ടതാണ് ഓരോ .ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി അതുമല്ലെങ്കിൽ ,ഡി ആയോ.RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി അടച്ചിരിക്കേണ്ടതും , ആയതിന്റെ രേഖ**അതാത് എസ്റ്റേറ്റിൽ** ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ് . ടെൻഡർ ഫോറത്തിനൊപ്പം, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥകളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "മുകളിൽ "രാജപുരം എസ്റ്റേറ്റിലെ **കശുമാവ് ഇമ്മച്ചൂർ ഏരിയ** കാട്ടുകൊത്ത് - ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതുംമേൽ വിലാസം ,പേര് ,തുറക്കുന്ന തീയതി ,ബ്ലോക്ക് ,എസ്റ്റേറ്റ് ,ദർഘാസ്സ് നമ്പർ , എന്നിവ രേഖപ്പെടുത്തി ദർഘാസുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 01.01.2026, 12.00 PM ന് തുറക്കുന്നതായിരിക്കും.

6. ഇ-ടെണ്ടറും, സീൽഡ് ടെണ്ടറും 30.12.2025, 05.00 PM. വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ രാജപുരം എസ്റ്റേറ്റിൽ 30.12.2025, 05.00 PM വരെ സ്വീകരിക്കുന്നതും 01.01.2026, 12.00 PM.-ന് PCK ഹെഡ് ഓഫീസിൽ വച്ച് ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 01.01.2026, 12.00 PM–ന് ശേഷംതാഴെ കാണിച്ചിരിക്കുന്ന സമയപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ്/ മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും **ഏറ്റവും കുറഞ്ഞ തുകയാണ്** ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി നൽകുന്നതും, ആയതിൽ നിന്നും ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു. ശേഷം ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏതാണോ

**കുറഞ്ഞ തുക** അതായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

7. **മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| **മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും** | **ഇ -ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം** | **മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും** | **ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും** | **ഇ-ഓക്ഷൻ തുടങ്ങുന്ന സമയം** |
|---|---|---|---|---|
| രാജപുരം എസ്റ്റേറ്റ് ഓഫീസ് 30.12.2025, 5.00 PM. | 30.12.2025, 5.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 01.01.2026, 12.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 01.01.2026, 10.00 AM. | 01.01.2026, 2.00 PM. to 4.00 PM. |

8. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.

9. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (ലിമിറ്റഡ് .കെ.സി.പി) .നിക്ഷിപ്തമായിരിക്കും അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാദ്ഗാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, **ഏറ്റവും കുറഞ്ഞ തുക** മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

10. ടെണ്ടറിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുമ്പായി മേൽ പറഞ്ഞ തോട്ടം നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്.

11. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| **ഉദ്യോഗസ്ഥന്റെ പേര്** | **തസ്തിക** | **എസ്റ്റേറ്റ്** | **മൊബൈൽ/ ലാൻഡ് നമ്പർ** |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369 0481-2578301-04 |
| ശ്രീജി. . അരുൺകുമാർ | മാനേജർ | രാജപുരം | 8547099101, 9447269076, 9496076066, 0467-2227247 |

12. ടെണ്ടർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ പൊതുഅവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെണ്ടർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചയിച്ച സമയത്തു തന്നെ ടി ടെണ്ടർ നടത്തുന്നതായിരിക്കും.

13. ഭാഗീകമായോ പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

14. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലുംപങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

15. ടെണ്ടർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

16. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിംഗ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ടെണ്ടർ സംബന്ധിച്ച ഏതൊരു കോടതി വ്യവഹാരവും കോട്ടയം സിവിൽ കോടതിയുടെ അധികാര പരിധിയിൽ ആയിരിക്കും.

17. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരികരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

18. കരാറുകാരൻ കാലാകാലങ്ങളിൽ ബാധകമായ എല്ലാ നികുതികളും അടയ്ക്കേണ്ടതാണ്. കൂടാതെ കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും ചുമതലയിലും ആയിരിക്കും. നിയമങ്ങൾക്ക് വിധേയമായികൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ മുതലായവ). ജഅച കാർഡിന്റെ പകർപ്പ് യഥാസമയം ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

19. എല്ലാവിധ കളകളും, കുറ്റിക്കാടുകളും, വള്ളികളും നിലം പറ്റെ വെട്ടി ഏരിയ വൃത്തിയാക്കേണ്ടതുമാണ്. 20 ഇഞ്ചിൽ താഴെ ചുറ്റളവുള്ള മരങ്ങളും മറ്റ് കുറ്റിക്കാടുകളും അടിചേർത്ത് മുറിച്ചുമാറ്റേണ്ടതാണ്. കാടു കൊത്തുമ്പോൾ യാതൊരു കാരണവശാലും കശുമാവ് മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുവാൻ പാടില്ല. സംഭവിച്ചാൽ ആയതിന് കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. കൂടാതെ വെട്ടിയ കാട് ഉപയോഗിച്ച് കശുമാവ് തൈകൾക്കു ചുറ്റും പുതയിടേണ്ടതാണ്.

20. കാടുവെട്ടേണ്ട സ്ഥലം മുൻകൂട്ടി കണ്ട് സ്ഥലത്തിന്റെ വിസ്തൃതി, കാടുകളുടെ വളർച്ച തുടങ്ങിയവ ബോധ്യപ്പെടേണ്ടതും പിന്നീട് ഏരിയായെക്കുറിച്ച് തർക്കങ്ങൾ ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ്.

21. **മേൽപ്പറഞ്ഞ രീതിയിൽ ഒരു ഹെക്ടർ സ്ഥലം കാട്ടുവെട്ടി പുതയിടുന്നതിന് കോർപ്പറേഷൻ നൽകേണ്ടതായ ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.**

22. ടെണ്ടർ ഉറപ്പിച്ച് അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനകം മൊത്തം ടെണ്ടർ തുകയുടെ 10% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി എസ്റ്റേറ്റ് ഓഫീസിൽ കെട്ടിവെച്ച് 200/- രൂപയുടെ കേരള സർക്കാർ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ച് കാടുവെട്ട് ജോലികൾ ആരംഭിക്കേണ്ടതാണ്. കരാറുകാരൻ കാടുവെട്ട് സമയബന്ധിതമായും തൃപ്തികരമായും പൂർത്തീകരിച്ചാൽ മാത്രമേ സെക്യൂരിറ്റിതുക പലിശ രഹിതമായി തിരികെ നൽകുകയുള്ളൂ.

23. 30%, 60%, 90% ജോലി പൂർത്തീകരിക്കുന്ന മുറയ്ക്ക്, ഡിവിഷൻ അധികാരിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെയ്തു തീർത്ത ജോലിയുടെ 70% തുക പാർട്ട് പെയ്മെന്റായി നൽകുന്നതാണ്.

24. കാടുകൊത്ത് , പുതയിടൽ ജോലികൾ 45 ദിവസത്തിനകം പൂർത്തീകരിക്കുന്നതിന് താമസം നേരിട്ടാൽ പരമാവധി 15 ദിവസം കൂടി ഓരോ ഏഴ് ദിവസത്തിനു കരാർ തുകയുടെ 0.5% പിഴ ഈടാക്കി അനുവദിക്കുന്നതായിരിക്കും. തുടർന്നും ജോലികൾ പൂർത്തീകരിക്കാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതും, എല്ലാവിധ തുകകളും കോർപ്പറേഷനിലേക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും. ആവശ്യമെങ്കിൽ ബദൽമാർഗ്ഗേന ടി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനു കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. തന്മൂലം കോർപ്പറേഷമുണ്ടാകാവുന്ന ചെലവുകളും നഷ്ടങ്ങളും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്.

25. ഓരോ പാർട്ടിലും കാട് കൊത്തുന്നതിന് മുൻപും കാട് കൊത്തിയതിന് ശേഷവുമുള്ള ഫോട്ടോകൾ അതാത് ബ്ലോക്കിന്റെ ഉത്തരവാദിത്തമുള്ള സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ മൊബൈലിൽ പകർത്തി എസ്റ്റേറ്റ് ഓഫീസിൽ ഇ മെയിൽ മുഖേനയോ വാട്ട്സ് ആപ്പ് മുഖേനയോ പാർട്ട് ബില്ലിനോടൊപ്പം നൽകേണ്ടതാണ്.

26. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ കരാറിൽ നിന്നും പിൻമാറുകയോ യഥാസമയം ജോലികൾ പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക കണ്ടു കെട്ടുന്നതിനും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റേതെങ്കിലും മാർഗേന ടി കരാർ പ്രകാരമുള്ള ജോലികൾ കോർപ്പറേഷൻ പൂർത്തിയാക്കുന്നതും അതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന നഷ്ടവും മറ്റ് ചെലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

27. കരാറുകാരൻ കാട് കൊത്ത് സംബന്ധിച്ച് ജോലി തുടങ്ങിയ തീയതി, ഉപയോഗിച്ച തൊഴിലാളികളുടെ എണ്ണം, അവസാനിച്ച തീയതി എന്നിവ അടങ്ങിയ ഒരു ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ആയത് ഡിവിഷൻ അധികാരിയെ/ബ്ലോക്ക് ഇൻ ചാർജ്ജിനെക്കൊണ്ട് ഒപ്പ് പതിപ്പിക്കേണ്ടതുമാണ്. ടി ബുക്ക് ഫൈനൽ ബില്ലുകൾക്കൊപ്പം ഹാജരാക്കേണ്ടതുമാണ്.

28. കാട് കൊത്തുന്നതിനാവശ്യമായ തൊഴിലാളികൾ, പണിയായുധങ്ങൾ, യന്ത്രങ്ങൾ എന്നിവ കരാറുകാരൻ സ്വന്തം ചിലവിൽ കൊണ്ടുവരേണ്ടതാണ്. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും. ഇതിൽ കോർപ്പറേഷന് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികൾക്കോ ജോലിക്കിടയിൽ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ കോർപ്പറേഷന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല. കരാറുകാരൻ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കേണ്ടതുമാണ്.

29. ബന്ധപ്പെട്ട ഡിവിഷൻ ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം ജോലികൾ ചെയ്യേണ്ടതാണ്.

30. ഏരിയായിൽ ഉള്ള റോഡുകളിലേയും ഫുട്പാത്തുകളിലേയും കാടുകൾ കൊത്തി വഴിയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

31. കരാറുകാരന് കോർപ്പറേഷനിൽ നിന്നും ഏതെങ്കിലും തുകകൾ ലഭിക്കുവാനുണ്ടെങ്കിൽ ആയതിൽ നിന്നും കോർപ്പറേഷന് അവകാശപ്പെട്ടതായ ഏതൊരു തുകയും വസൂലാക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

32. കരാറുകാരനിൽ നിന്നോ കരാറുകാരന്റെ തൊഴിലാളികളിൽ നിന്നോ കോർപ്പറേഷന് എന്തെങ്കിലും നഷ്ടങ്ങൾ സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുവാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

33. നിലവിൽ ടെണ്ടറുകൾക്ക് ബാധകമായ സർക്കാർ നിയമങ്ങളും, പൊതു വ്യവസ്ഥകളും, നിലവിൽ കോർപ്പറേഷന് ബാധകമായ മറ്റ് പൊതു വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

34. കോർപ്പറേഷൻ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

35. കാട് കൊത്ത്, പുതയിടൽ കരാർ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്ത് പൂർത്തിയാക്കി അഞ്ചു ദിവസത്തിനകം ഫൈനൽ ബില്ലിന് അപേക്ഷ നൽകേണ്ടതും തുടർന്ന് അഞ്ചു ദിവസത്തിനുള്ളിൽ ചെയ്ത ജോലിയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിലേക്ക് മാനേജരുടെ സന്ദർശനവും നടത്തുന്നതാണ്. ബിൽ സമർപ്പിച്ച് 15 ദിവസങ്ങൾക്കകം മാനേജരുടെ ശിപാർശ സഹിതം ടി ഫൈനൽ ബില്ല് മാനേജിംഗ് ഡയറക്ടർക്ക് ലഭിക്കേണ്ടതാണ്.

36. മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി ഫൈനൽ പേയ്മെന്റ് നൽകുന്നതാണ്. തുടർന്ന് ഒരു മാസത്തിനകം പലിശ രഹിതമായി സെക്യൂരിറ്റി തുക തിരിച്ചു നൽകുന്നതാണ്.

37. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാളികളുടെയും നിയമാനുസൃത എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള പ്രതിമാസ വിഹിതം അടക്കേണ്ടതും ആയതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ**കരാറുകാരൻ എസ്റ്റേറ്റ്**ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

38. കരാറുകാരൻ കാടുകൊത്തിനും മറ്റാവശ്യങ്ങൾക്കും എസ്റ്റേറ്റിൽ നിയോഗിക്കുന്ന തൊഴിലാളികളുടെ പൂർണ്ണമായ മേൽവിലാസം, ജോലിസംബന്ധമായ വിവരങ്ങൾ, തൊഴിലാളികൾക്ക് നൽകുന്ന ശമ്പളത്തിന്റെ/ കൂലിയുടെ/ വേതനത്തിന്റെ പൂർണ്ണ വിവരങ്ങൾ എന്നിവ രേഖാമൂലം എസ്റ്റേറ്റ് ഓഫീസിൽ നൽകേണ്ടതാണ്. അതിനു ശേഷം മാത്രമേ പാർട്ട് പെയ്മെന്റും ഫൈനൽ പെയ്മെന്റും നൽകുകയുള്ളു.

39. ജോലി പൂർത്തീകരിച്ച് അഞ്ചു ദിവസത്തിനകം പൂർത്തീകരിച്ചതായ അറിയിപ്പ് ഡിവിഷൻ അധികാരിക്ക് രേഖാമൂലം നൽകേണ്ടതാണ്. ഇങ്ങനെ നൽകാതിരുന്നാൽ തൻമൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.

40. പണികൾ പൂർത്തിയാക്കി മുഴുവൻ കണക്കുകളും തീർത്ത തീയ്യതി മുതൽ മൂന്ന് മാസത്തിനകം സെക്യൂരിറ്റി തുക തിരികെ ആവശ്യപ്പെടാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

41. പറയുന്ന മുഴുവൻ സ്ഥലവും കാട്കൊത്തേണ്ടതാണ്. മുഴുവൻ സ്ഥലവും തൃപ്തികരമായി കാടുകൊത്തിഅതിലെ തൈകൾ പുതയിടേണ്ടതായ ഡിവിഷൻ അധികാരിയുടെയും എസ്റ്റേറ്റ് മാനേജരുടെയും

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രവും, ഹെഡ് ഓഫീസിൽ **നിന്നുമുള്ള അനുമതി ലഭിച്ചതിനു** ശേഷമേ പണം നൽകുകയുള്ളൂ.

42. ബില്ലുകൾ പാസ്സാക്കുന്നത് മാനേജിംഗ് ഡയറക്ടർ ആയിരിക്കും.

43. ഫയർ സീസൺ ആയതിനാൽ കരാറുകാരന്റെയോ കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെയോ ഭാഗത്ത് നിന്നും എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ തീ ഉണ്ടാവാതിരിക്കാനുള്ള മുൻകരുതലുകൾ കരാറുകാരൻ എടുക്കേണ്ടതാണ്.

44. കരാർ കാലയളവിൽ കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികളോ എസ്റ്റേറ്റിനുള്ളിലോ, പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ, മറ്റേതെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കരാർ റദ്ദുചെയ്യുന്നതും അടച്ചിട്ടുള്ള എല്ലാ സംഖ്യകളും കോർപ്പറേഷൻ കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും. ആവശ്യമെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തി നിശ്ചിത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ആയതിന് ഉണ്ടാകാവുന്ന നഷ്ടവും ചെലവുകളും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുവാൻകോർപ്പറേഷനു അവകാശമുണ്ടായിരിക്കുന്നതുമാണ്.

45. **അപ്രകാരം**സംഭവിക്കുന്ന പക്ഷം അത്തരം കാര്യങ്ങളിൽ കോർപ്പറേഷൻ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

46. കോർപ്പറേഷന് ഒരു കാരണവും കാണിക്കാതെ ടെണ്ടർ തടഞ്ഞു വയ്ക്കാനും റദ്ദാക്കുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. അത്തരം ടെണ്ടറുകളിൽ കോൺട്രാക്ടർക്ക് യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

47. **സർക്കാരിന്റെയോ, കോടതി നിയമ സംവിധാനങ്ങളുടെയോ ഉത്തരവുകളുടെയോ നിർദ്ദേശത്തിന്റെയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമൂലം ക്രേതാവിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.**

48. **പ്രകൃതിക്ഷോഭം, സാംക്രമികരോഗങ്ങൾ, തീപിടുത്തം, വന്യമൃഗ ആക്രമണം, തൊഴിലാളി സമരം മുതലായവ മൂലം ക്രേതാവിനോ, ടി-യാന്റെ തൊഴിലാളികൾക്കോ യാതൊരു വിധ കഷ്ട നഷ്ടങ്ങൾക്കും കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ടപരിഹാരം നൽകുന്നതോ അല്ല.**

Sd/-

**മാനേജിംഗ് ഡയറക്ടർ**

പ്രഖ്യാപനം:ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

| | | |
|---|---|---|
| എ. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണ്ണമായ തപാൽ മേൽ വിലാസം (വ്യക്തിയുടെ പേര്, വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പടെ) | |
| ബി. | വയസ്സ് | |
| സി. | ഫോൺ നമ്പർ | |
| ഡി. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: